LIBRARY ARCHIVES Kerala Legislative Assembly

PRICE OF COCOANUT OIL AND COPRA

263. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : താഴെപറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമൊ.—

(എ) വെളിച്ചെണ്ണ കൊപ്ര മുതലായവയുടെ വില നിയന്ത്രണം സംബന്ധിച്ച് ഇന്ത്യാഗവൺമെണ്ട് കൊച്ചി ഗവൺമെണ്ടിന്റെ അഭിപ്രായം അന്വേഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തെക്കുറിച്ച് കൊച്ചിഗവൺമെണ്ട് നൽകിയ മറുപടി എന്താണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) വില നിയന്ത്രിക്കുവാൻ കൊച്ചി ഗവൺമെണ്ടിനും സമ്മതമാണെന്നും ഇന്ത്യാഗവൺമെണ്ടിനെ അറിയിച്ചിട്ടുണ്ട്.

INCOME FROM THE GOVERNMENT CENTRAL FARM

264. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമൊ.—

(എ) ൧൯൫൦, ൧൯൫൧ ഈ കൊല്ലങ്ങളിൽ ഗവൺമെണ്ട് സെൻട്രൽ ഫാറത്തിൽനിന്നുള്ള വരവു എത്ര ഉറുപ്പിക;

(ബി) വ്യത്യാസമുണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ൧൯൫൦-ൽ സെൻട്രൽ ഫാറത്തിൽ ആകെ ൫,൩൭,൩൭൫. ൫൭ രൂ. ൧൯൫൧-ലെ വരവും, ൧൯൫൧-ൽ ആകെ ൭ ൫,൫ ൫൫ രൂ. ൫൩ രൂ. ൧൯൫൧-ലെ വരവും ഉണ്ടായിട്ടുണ്ട്.

(ബി) ൧൯൫൧-ൽ ൧൯൫൦-ലെക്കാൾ അധികം വരവുണ്ട്. ഇതിനുള്ള കാരണം സാധനങ്ങളുടെ വിലമാറ്റംകൊണ്ടും അധിക സാധനങ്ങൾ ഉണ്ടായതുകൊണ്ടും ഫാറത്തിലുള്ള ചില കന്നുകാലികളെ ലേലം വിളിച്ചതുകൊണ്ടും ആണ്.

PUBLIC RESORT ACT—LICENSE FOR CONDUCTING CINEMA

265. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് സദയം മറുപടി പറയുമൊ.—

(എ) പബ്ലിക്ക റിസോർട്ട് ആക്ട് പ്രകാരം ടെമ്പററി കെട്ടിടങ്ങളിൽ സിനിമ നടത്തുന്നതിനു എത്ര മാസത്തേക്കാണ് ലൈസൻസ്സ് അനുവദിക്കുക;

(ബി) ആ അവധി കഴിഞ്ഞാൽ തുടർന്നു അവിടെതന്നെ സിനിമ നടത്തുവാൻ ലൈസൻസ്സ് അനുവദിക്കാതിരിക്കാൻ കാരണമെന്ത്?

മിസ്റ്റർ ബി. വി. കെ. മേനോൻ:

(എ) പബ്ലിക്ക റിസോർട്ട് ആക്ട് പ്രകാരം കൊടുക്കുന്ന ലൈസൻസ്സിനു കാലനിഷ്ക്കർഷയില്ല. എന്നാൽ സിനിമാറൊ ഗ്രാഫ് ആക്ട് പ്രകാരം തുടർച്ചയായി ൧൨ മാസക്കാലത്തിനുള്ളിൽ ൮ മാസത്തിൽ കൂടുതൽ കളി നടത്തുവാൻ അനുവദിച്ചുകൂടാ.

(ബി) സിനിമ നടത്തുന്നതിനു സിനമാറൊ ഗ്രാഫ് ആക്ട് പ്രകാരമുള്ള ലൈസൻസ്സ് കൂടിവേണം. ആ ആക്ടിലെ നിബന്ധനപ്രകാരം (എ) യിൽ കാണിച്ച കാലനിഷ്ക്കർഷ നിർബ്ബന്ധമാക്കീട്ടുണ്ട്.

SIRKAR GIRLS' HIGH SCHOOL, KUNNAMKULAM—INSPECTION OF

266. **Mr. Paramel Ipe Ipe** *(Kunnamkulam):* Will Government be pleased to state.—

(*a*) how many times did the permanent Director of Public Instruction visit the Sirkar Girls' High School, Kunnamkulam, during the last five years;

(*b*) what are the dates of his visits;

(*c*) whether there are any High Schools in our State which have not been visited by the permanent Director of Public Instruction during the last three years;

(*d*) if so, how many and which are those schools?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) Twice.

(*b*) 21—7—1118.
19—3—1119.

(c) Yes.

(*d*) Thirty two High Schools.

1. B. V. M. High School, Kalparamba.
2. High School, Moorkanad.
3. Do. Thumpur.
4. C. N. N. High School, Cherpu.
5. St. Aloysius' High School, Elthuruth.
6. High School, Manalur.
7. C. S. High School, Trichur.
8. Vivekodayam High School, Trichur.
9. High School, Kuttur.
10. Do. Velur.
11. St. Francis' High School, Mattam.
12. High School, Palayannur (opened in 1121—22).
13. High School, Mangayil.
14. Do. Mulanthuruthi.
15. St. George's High School, Arakunnam.
16. R. V. U. High School, Cherai.
17. St. Augustine's High School, Ernakulam.
18. St. Sebastian's High School, Gothuruthi.
19. St. Sebastian's High School, Palluruthi.
20. St. Peter's High School, Kumbalanghi.
21. S. H. High School, Thevara.
22. High School, Irimpanam.
23. S. D. P. Y. High School, Palluruthi.
24. S. C. High School, Ochenthuruth.
25. St. Mary's C. G. High School, Ernakulam.
26. L. M. C. G. High School, Chathiath.
27. C. K. C. G. High School, Ponnurunni.
28. St. Mary's Girls' High School, Kuzhikattusseri.
29. St. Antony's Girls' High School, South Thanisseri, (opened in 1121—22).
30. V. G. High School, Trichur.
31. St. Joseph's C. G. High School, Trichur.

and 32. S. H. C. G. High School, Trichur.

HONORARY DOCTORS IN GOVERNMENT HOSPITALS AND DISPENSARIES

267. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും ദയവു മറുപടി പറയുമോ.—

(എ) സംസ്ഥാനത്തുള്ള എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഓണററി ഡോക്ടർമാർ ജോലിനോക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം ആശുപത്രികളിലും ഡിസ്പെൻസറികളിലുമാണ് ഇക്കൂട്ടർ ജോലിനോക്കുന്നതു;

(സി) ഇവരുടെ ജോലിസമയം എപ്പോഴെല്ലാമാണെന്ന് ക്ലിപ്തമുണ്ടോ;

(ഡി) ഇല്ലെങ്കിൽ ക്ലിപ്തസമയം ഇവർക്കും കൊടുക്കാത്തതു എന്തുകൊണ്ട്;

(ഇ) ക്ലിപ്തസമയം ഉണ്ടെങ്കിൽ അവർക്കു ജോലി നിർവ്വഹിക്കേണ്ട സമയങ്ങൾ എപ്പോഴെല്ലാമാണ്?

റാവു ബഹദൂർ ടി. കെ. നായർ:

(എ) എല്ലാ ആസ്പത്രികളിലും ഡിസ്പെൻസറികളിലും ഓണററി ഡോക്ടർമാർ ജോലി നോക്കുന്നില്ല.

(ബി) (എ) ജനറൽ ആസ്പത്രി, എറണാകുളം.
(ബി) സിവിൽ ആസ്പത്രി, തൃശ്ശിവപേരൂർ.
(സി) മഹാരാജാസ് ആസ്പത്രി, പള്ളുരുത്തി.

LIBRARY ARCHIVES Kerala Legislative Assembly